(സി) ഉണ്ടെങ്കിൽ ഇതിനെത്ര നടപടിയാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മൂന്നാംഫാറത്തിൽ ഒരു മലയാളം നാൻഡിറെയിൽഡ് ടെക് സ്റ്റായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ഹരിജനങ്ങളുടെ ഫീസാനുകൂല്യം

*ഫ൯൨. (൩൩) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു മുൻപു കൊച്ചി വിദ്യാഗത്തിൽപ്പെട്ട പിന്നോക്കസമുദായത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു നൽകിവന്നിരുന്ന പകുതി ഫീസാനുകൂല്യം ഇപ്പോൾ നിറുത്തൽ ചെയ്തത് എന്തടിസ്ഥാനത്തിലാണ്;

(ബി) പ്രസ്തുത ആനുകൂല്യം നിറുത്തൽ ചെയ്തതുമൂലം അനേകം കുട്ടികൾ പഠനം തുടരുവാൻ കഴിയാതെ കഷ്ടപ്പെടുന്നതായി അറിയാമോ?

(സി) ഇതേപറ്റി ഗവണ്മെൻറിനു വല്ല നിവേദനങ്ങളോ മെമ്മോറാണ്ടങ്ങളോ കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചോദ്യത്തിൽ പറയുന്ന ആനുകൂല്യങ്ങളും നിറുത്തലാക്കിയിട്ടില്ല.

(ബി & സി) 'എ' യിലെ ഉത്തരംകൊണ്ട് ടി ചോദ്യങ്ങളും ഉദിക്കുന്നില്ല.

സറണ്ടർ ചെയ്ത സ്ഥലം

*ഫ൯൩. (൩൪) സാഹിബ് ബഹദൂർ ടി. എ. മൈദീൻ കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി ക്ലാപ്പന എസ്. വി. പ്രൈമറി സ്കൂൾ സർക്കാരിലേയ്ക്ക് എടുത്തുകൊള്ളാമെന്നു സമ്മതിച്ചതനുസരിച്ച് പ്രസ്തുത സ്കൂൾ കാമ്പൗണ്ടും കെട്ടിടവും സാമഗ്രികളും ഡിപ്പാർട്ടുമെൻറിലേയ്ക്ക് എഴുതി വാങ്ങിയിട്ട് എത്ര കൊല്ലങ്ങളായി;

(ബി) ഗവണ്മെൻറിൻറെ നിർദ്ദേശപ്രകാരം കെട്ടിടം പൂർത്തിയാക്കിയിരിക്കുന്നു എന്ന് ഡിപ്പാർട്ടുമെൻറ് സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ റിപ്പോർട്ട് കിട്ടിയിട്ട് എത്രകാലമായി;

(സി) ഇപ്പോൾ പ്രസ്തുത സ്കൂൾ ആരാണ് നടത്തിവരുന്നത്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫ ഫ ഫ-ൽ മാനേജർ സ്കൂൾ സറണ്ടർ ചെയ്യാമെന്ന് എഴുതി.

(ബി) എട്ടുമാസമായി.

(സി) മാനേജർ തന്നെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly